**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1471 03.10.2016 – ൽ മറുപടിയ്ക്ക്

**സ്നേഹസ്പർശം പദ്ധതി**

ചോദ്യം

ശ്രീ.ഐ.സി.ബാലകൃഷ്ണൻ

ശ്രീ.സണ്ണി ജോസഫ്

ശ്രീ.റോജി എം.ജോൺ

ശ്രീ.അനിൽ അക്കര

ഉത്തരം

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സാമൂഹ്യസുരക്ഷാ മിഷന്റെ 'സ്നേഹസ്പർശം പദ്ധതി'യിൽ ഉൾപ്പെടുത്തി പെൻഷൻ ലഭിക്കുന്നത് എത്രപേർക്കാണ്; പ്രതിമാസം എത്ര രൂപയാണ് ഇവർക്ക് പെൻഷനായി അനുവദിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (എ) | കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന സ്നേഹസ്പർശം പദ്ധതി പ്രകാരം 1943 പേർക്കാണ് പ്രതിമാസം ധനസഹായം അനുവദിക്കുന്നത്. പ്രതിമാസം 1000/- രൂപ വീതമാണ് ധനസഹായം അനുവദിക്കുന്നത്. |
| (ബി) | വയനാട്ടിലെ അവിവാഹിതരായ അമ്മമാരെയെല്ലാം ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ വയനാട് ജില്ലയിൽ നിന്നും 94 പേർക്കാണ് പ്രതിമാസ ധനസഹായം അനുവദിക്കുന്നത്. വയനാട് ജില്ലയിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അവരിൽ നിന്നും അടിയന്തിരമായി അപേക്ഷ ശേഖരിച്ച് കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം വയനാട് ജില്ലാ സാമൂഹ്യ നീതി ഓഫീസർക്ക് 29.07.2016-ന് നൽകിയിട്ടുണ്ട്.<br>പ്രസ്തുത അപേക്ഷകൾ ശേഖരിക്കുന്നതിന്റെ ഭാഗമായി 31.08.2016-ന് ജില്ലാ സാമൂഹ്യ നീതി ഓഫീസറുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മീറ്റിംഗിന്റെ റിപ്പോർട്ട് കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | | | ലെയ്സൺ ഓഫീസർ സമർപ്പിച്ചിട്ടുണ്ട്. നിലവിലെ ആനുകൂല്യത്തിന് അർഹരായ മുഴുവൻ പേരെയും കണ്ടെത്തുന്നതിന് വേണ്ടി ഒരു പ്രഫോർമ തയ്യാറാക്കുകയും 8.9.2016, 9.9.2016 എന്നീ തീയതികളിൽ നടക്കുന്ന ക്ലസ്റ്റർ മീറ്റിംഗിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ, അംഗൻവാടി ജീവനക്കാർ, ട്രൈബൽ പ്രൊമോട്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ അപേക്ഷ വിതരണം നടത്തി 6.10.2016-ന് ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ റിവ്യൂ മീറ്റിംഗിൽ കളക്ട് ചെയ്യുന്നതിനും 31.08.2016-ന് കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിൽ ശേഖരിക്കുന്ന അപേക്ഷകൾ വയനാട് ജില്ലാ സാമൂഹ്യനീതി ഓഫീസർ സാക്ഷ്യപ്പെടുത്തി കേരള സാമൂഹ്യ സുരക്ഷാ മിഷന് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**